(ബി) ഇതിൽ പാർശ്വഫലങ്ങളുണ്ടാക്കുന്ന കീടനാശിനികളുണ്ടോ; ഉണ്ടെങ്കിൽ അവ തളിക്കുന്നതിന് എന്തെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കീടനാശിനികളുടെ പാർശ്വഫലങ്ങളിൽപ്പെട്ട് രോഗബാധിതരായി ദുരിതമനുഭവിക്കുന്നവർ സംസ്ഥാനത്തുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രപേർ; അവരെ സംരക്ഷിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) ശരാശരി 10 കോടി രൂപയുടെ കീടനാശിനി ഉപയോഗിക്കുന്നുണ്ട്.

(ബി) കഠിനമായ പാർശ്വഫലങ്ങൾ ഉണ്ടാക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ള കീടനാശിനികൾ നിരോധിച്ചിട്ടുണ്ട്

(സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ നടപടി

63 [3410] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമാതീതമായ കീടനാശിനി പ്രയോഗം കാരണം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സർക്കാർ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ജൈവകൃഷിരീതി പ്രോൽസാഹിപ്പിക്കാൻ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(സി) ജൈവകൃഷിരീതി പ്രകാരമുള്ള ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) കൃഷി രീതി സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകാൻ ഈ മേഖലയിലെ സംഘടനകളുമായി ചർച്ചചെയ്ത് പരിപാടിക്ക് രൂപം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം കൃഷിവകുപ്പ് കർഷകർക്ക് സബ്സിഡി നൽകിക്കൊണ്ട് പച്ചക്കറി, വാഴ, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിക്കായി ഒരുകോടി രൂപ ചെലവാക്കി 'ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ' എന്ന പദ്ധതി നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജൈവവള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു. കുരുമുളക് വികസന പദ്ധതി പ്രകാരം ഇടുക്കി, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ജൈവകൃഷിയിലൂടെ കുരുമുളക് ഉൽപ്പാദിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു. ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്നതിനും പൊക്കാളി കൃഷി പൂർണ്ണമായും ജൈവകൃഷി രീതിയിൽ നടപ്പിലാക്കുന്നതിനും ധനസഹായം നൽകിവരുന്നു.

(സി) ജൈവകൃഷിപ്രകാരമുള്ള ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുവാനായി ജൈവകൃഷി പ്രോൽസാഹിപ്പിക്കൽ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും ഇക്കോ ഷോപ്പുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടില്ല.

(ഇ) ജൈവകൃഷിയെക്കുറിച്ചുള്ള പരിശീലന പരിപാടികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുമായി ചർച്ച ചെയ്താണ് നടപ്പാക്കിവരുന്നത്.

കേരഫെഡ് ഉൽപ്പന്നങ്ങൾ

64 [3411] ശ്രീ. വി. ജെ പൗലോസ്:

,, പി. ടി. തോമസ്:

ശ്രീമതി ശോഭനാ ജോർജ്:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് ഇപ്പോൾ എന്തെല്ലാം സാധനങ്ങളുടെ ഉൽപ്പാദനത്തിലാണ് ഏർപ്പെട്ടിട്ടുള്ളത്;

(ബി) ഇവ എവിടെയെല്ലാം കയറ്റി അയയ്ക്കുന്നു;

(സി) മറ്റ് വിദേശരാജ്യങ്ങളിലെ വിപണികൾ കേരഫെഡ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനുവേണ്ടി കേരഫെഡ് എന്തെല്ലാം പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുദ്ദേശിക്കുന്നത്; അതിനുള്ള ഫാക്ടറി എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കേരഫെഡ് ഇപ്പോൾ 'കേര' ബ്രാൻഡിൽ വെളിച്ചെണ്ണയും 'കേരകേൾ' എന്ന ബ്രാൻഡിൽ വെളിച്ചെണ്ണയിൽ ആയുർവ്വേദ മരുന്നുകൾ ചേർത്ത് ഹെയർടോണിക്കും ഉൽപ്പാദിപ്പിക്കുന്നു. കൂടാതെ നാളികേര ഉൾപ്പന്നങ്ങളായ ചമ്മന്തി പൊടിയും തീയ്യൽകൂട്ടും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ബി) ഇപ്പോൾ കേരളമൊട്ടുക്കും, തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ഡൽഹി എന്നീ സംസ്ഥാനങ്ങളിലും വിപണനം നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly